പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 218

# 2024-ലെ കേരള മത്സ്യത്തീറ്റ ഗുണനിലവാര നിയന്ത്രണ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 218

# 2024-ലെ കേരള മത്സ്യത്തീറ്റ ഗുണനിലവാര നിയന്ത്രണ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

1108/2024.

# 2024-ലെ കേരള മത്സ്യത്തീറ്റ ഗുണനിലവാര നിയന്ത്രണ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് ഗുണനിലവാരമുള്ള മത്സ്യത്തീറ്റയുടെ ലഭ്യത ഉറപ്പാക്കുന്നതിനും മായം കലർത്തുന്നത് തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് ഗുണനിലവാരമുള്ള മത്സ്യത്തീറ്റയുടെ ലഭ്യത ഉറപ്പാക്കുന്നതിനും മായം കലർത്തുന്നത് തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു: —

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള മത്സ്യത്തീറ്റ ഗുണനിലവാര നിയന്ത്രണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "മത്സ്യം" എന്നാൽ ശുദ്ധജലത്തിലോ സമുദ്രജലത്തിലോ ജീവിക്കുന്നതും മുള്ളുള്ളതോ കാർട്ടിലേജോ ആയതും ചെമ്മീൻ, ഷെൽ മത്സ്യങ്ങൾ ഉൾപ്പെടെ സാമ്പത്തിക, വാണിജ്യമൂല്യമുള്ള എല്ലാ ജലജീവികളും എന്നർത്ഥമാകുന്നു;

1108/2024.

(ബി) "തീറ്റ" എന്നാൽ മത്സ്യങ്ങളുടെ ആഹാരക്രമത്തിൽ മതിയായ പോഷകഗുണങ്ങൾ അടങ്ങിയതും അവയ്ക്ക് ഭക്ഷ്യയോഗ്യവുമായ പദാർത്ഥം എന്നർത്ഥമാകുന്നു;

(സി) "മായം കലർത്തൽ" എന്നാൽ ദോഷകരങ്ങളായ ബാഹ്യവസ്തുക്കളോ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ നിബന്ധനകളിലോ ഈ ആക്റ്റിലെ വ്യവസ്ഥകളിലോ അതിൻപ്രകാരമുള്ള ചട്ടങ്ങളിലോ നിശ്ചയിച്ചപ്രകാരമുള്ള ഗുണനിലവാര മാനദണ്ഡങ്ങൾക്ക് വിരുദ്ധമായുള്ള പദാർത്ഥങ്ങൾ ചേർത്തുകൊണ്ടോ രോഗകാരികളായ സൂക്ഷ്മാണുക്കൾ, കീടങ്ങൾ എന്നിവയാൽ ബാധിക്കപ്പെടുകയോ ചെയ്തിരിക്കുന്ന എന്നർത്ഥമാകുന്നു;

(ഡി) "വിപണനം" എന്നാൽ പൂർണ്ണമായോ ഭാഗികമായോ മത്സ്യത്തീറ്റയ്ക്കുള്ള പണം ഒടുക്കിയതിന്റെയോ വാഗ്ദാനം ചെയ്തതിന്റെയോ അടിസ്ഥാനത്തിൽ മത്സ്യത്തീറ്റയുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നത് എന്നർത്ഥമാകുന്നു;

(ഇ) "മത്സ്യത്തീറ്റ ബിസിനസ്സ്" എന്നാൽ മത്സ്യത്തീറ്റയുടെ നിർമ്മാണം, വിതരണം, വിൽപ്പന എന്നിവയോ അനുബന്ധ പ്രവർത്തനങ്ങളോ എന്നർത്ഥമാകുന്നു;

(എഫ്) "അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ" എന്നാൽ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാരിനാൽ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ജി) "ഫീഡ് മിൽ" എന്നാൽ മത്സ്യത്തീറ്റ നിർമ്മിക്കുന്നതിനുള്ള യന്ത്രസംവിധാനങ്ങൾ സ്ഥാപിച്ചിരിക്കുന്ന ഒരു സ്ഥാപനം എന്നർത്ഥമാകുന്നു;

(എച്ച്) "ലൈസൻസിംഗ് അതോറിറ്റി" എന്നാൽ ഈ ആക്റ്റിലെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (i)-ാം ഖണ്ഡം പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ഐ) "ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ" എന്നാൽ ഈ ആക്റ്റിലെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ii)-ാം ഖണ്ഡം പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ജെ) "ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ" എന്നാൽ ഈ ആക്റ്റിലെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (iii)-ാം ഖണ്ഡം പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(കെ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എൽ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എം) "മത്സ്യത്തീറ്റ ഗുണനിലവാര നിയന്ത്രണ സമിതി" എന്നാൽ ഈ ആക്റ്റിലെ 15-ാം വകുപ്പ് പ്രകാരം രൂപീകരിച്ച സമിതി എന്നർത്ഥമാകുന്നു;

(എൻ) "ഫാമിലെ മത്സ്യത്തീറ്റ" എന്നാൽ സംസ്ഥാനത്തെ ഏതെങ്കിലും മത്സ്യ ഫാമിലേയ്ക്ക് മാത്രമായി ഉപയോഗിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളതും ഫാമിന് പുറത്തേയ്ക്ക് കൊണ്ടുപോകാത്തതുമായ മത്സ്യത്തീറ്റ എന്നർത്ഥമാകുന്നു;

(ഒ) "അക്വാകൾച്ചർ" എന്നാൽ 2010-ലെ കേരള ഉൾനാടൻ ഫിഷറീസ് ആക്റ്റിലെ (2010-ലെ 15) 2-ാം വകുപ്പ് (ബി) ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം തന്നെയാകുന്നു;

(പി) "തീറ്റ പരിശോധന" എന്നാൽ തീറ്റയിലെ ഘടകങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നത് എന്നർത്ഥമാകുന്നു;

(ക്യു) "ലൈസൻസ്" എന്നാൽ മത്സ്യത്തീറ്റ ബിസിനസ്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് ഈ ആക്റ്റിലെ 4-ാം വകുപ്പ് പ്രകാരം നൽകുന്ന അനുമതിരേഖ എന്നർത്ഥമാകുന്നു;

(ആർ) "മത്സ്യത്തീറ്റ പരിശോധനാ ലാബുകൾ" എന്നാൽ ഈ ആക്റ്റിലെ 12-ാം വകുപ്പ് പ്രകാരം സർക്കാർ അംഗീകൃത മത്സ്യത്തീറ്റ ഗുണപരിശോധനാ ലാബുകൾ എന്നർത്ഥമാകുന്നു.

3. <u>മത്സ്യത്തീറ്റയിലെ ഘടകങ്ങൾ</u>.—സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതോ ഇതരസംസ്ഥാനങ്ങളിൽനിന്നും വിതരണത്തിനോ വില്പനയ്ക്കോ എത്തിക്കുന്നതോ മറ്റ് രാജ്യങ്ങളിൽ നിർമ്മിച്ചതും ഇറക്കുമതി ചെയ്ത് വിതരണത്തിനോ വില്പനയ്ക്കോ ആയി ലഭ്യമാക്കിയിരിക്കുന്നതോ ആയ ഏതൊരു മത്സ്യത്തീറ്റയുടെയും ഘടകങ്ങൾ ഇനിപ്പറയുന്ന പ്രകാരമുള്ള മാനദണ്ഡം അനുസരിച്ചായിരിക്കേണ്ടതാണ്, അതായത്:—

(i) ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ മാനദണ്ഡ പ്രകാരമുള്ളതായിരിക്കേണ്ടതാണ്;

(ii) ഏതെങ്കിലും സർക്കാർ അംഗീകൃത ഇനത്തിൽപ്പെട്ട മത്സ്യത്തിനുള്ള തീറ്റയുടെ മാനദണ്ഡം ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിൽ ലഭ്യമല്ലാത്ത സംഗതിയിൽ അക്വാകൾച്ചറുമായി ബന്ധപ്പെട്ട കേന്ദ്ര/സംസ്ഥാന ഗവേഷണ സ്ഥാപനമോ യൂണിവേഴ്സിറ്റിയോ പ്രസിദ്ധീകരിച്ചതോ അംഗീകാരം നേടിയതോ ആയ മാനദണ്ഡം പ്രകാരമായിരിക്കേണ്ടതാണ്;

(iii) യാതൊരുവിധത്തിലുള്ള ആന്റിബയോട്ടിക്കുകളോ, ഫാർമക്കോളജിപരമായ രാസപദാർത്ഥങ്ങളോ മത്സ്യത്തീറ്റയുടെ ചേരുവയായി ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല;

(iv) മത്സ്യത്തീറ്റയുടെ ഘടകങ്ങളിൽ പുതുതായി ചേർക്കുന്നതുമായോ ഒഴിവാക്കുന്നതുമായോ ബന്ധപ്പെട്ട സംഗതിയിൽ തീരുമാനിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

4. <u>ലൈസൻസ് നേടിയിരിക്കണമെന്ന്</u>.—(1) നിർണ്ണയിക്കപ്പെട്ട ഫാറത്തിലും ഫീസ് ഒടുക്കിയും അപേക്ഷ നൽകിക്കൊണ്ട് സാധുതയുള്ള ലൈസൻസ് ലഭിച്ചിട്ടില്ലാത്ത യാതൊരാൾക്കും മത്സ്യത്തീറ്റ നിർമ്മിക്കുന്നതിനോ സംഭരിക്കുന്നതിനോ, വിതരണം ചെയ്യുന്നതിനോ വിൽപ്പന നടത്തുന്നതിനോ അവകാശമുണ്ടായിരിക്കുന്നതല്ല.

(2) സംസ്ഥാനത്തിന് പുറത്ത് ഉൽപ്പാദിപ്പിക്കുന്ന മത്സ്യത്തീറ്റ സംസ്ഥാനത്തിനകത്ത് സംഭരിക്കുന്നതിനോ, വിതരണം ചെയ്യുന്നതിനോ വിൽപ്പന നടത്തുന്നതിനോ താല്പര്യപ്പെടുന്ന ഏതൊരാളും (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ലൈസൻസ് നേടിയിരിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ലഭിക്കുമ്പോൾ ലൈസൻസിംഗ് അതോറിറ്റി കഴിയുന്നതുംവേഗം ലൈസൻസ് അനുവദിക്കുകയോ കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ടും അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ന്യായമായുള്ള ഒരവസരം നൽകിക്കൊണ്ടും അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതാണ്. അപ്രകാരം അപേക്ഷ നിരസിക്കുന്ന സംഗതിയിൽ അക്കാര്യം അപേക്ഷ ലഭിച്ച് പതിനഞ്ച് ദിവസത്തിനുള്ളിൽ രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

5. <u>ലൈസൻസ് പുതുക്കൽ.</u>—(1) ഈ ആക്റ്റിലെ 4-ാം വകുപ്പ് പ്രകാരം അനുവദിച്ചിട്ടുള്ള ലൈസൻസ് അഞ്ച് വർഷക്കാലത്തേയ്ക്ക് സാധുതയുള്ളതും നിർണ്ണയിക്കപ്പെടാവുന്ന ഫീസ് ഒടുക്കിക്കൊണ്ടും അങ്ങനെയുള്ള അപേക്ഷയിന്മേലും ലൈസൻസ് പുതുക്കി നൽകാവുന്നതുമാണ്.

(2) ലൈസൻസിംഗ് അതോറിറ്റി ലൈസൻസ് റദ്ദാക്കുകയോ സസ്പെൻഡ് ചെയ്യുകയോ ചെയ്യാത്തപക്ഷം ലൈസൻസിനുള്ള കാലാവധി അവസാനിക്കുന്നതിന് മുപ്പത് ദിവസങ്ങൾക്കുമുൻപ് അപേക്ഷ നൽകാവുന്നതും ലൈസൻസ് പുതുക്കി നൽകുന്നതിനോ നിരസിക്കുന്നതിനോ ഉള്ള തീരുമാനം അപേക്ഷ ലഭിച്ച് പതിനഞ്ച് ദിവസത്തിനുള്ളിൽ കൈക്കൊള്ളേണ്ടതുമാണ്.

6. <u>പാക്കിംഗും ലേബലിംഗും.</u>—(1) ഈ ആക്റ്റിലെ 3-ാം വകുപ്പിൽ പരാമർശിച്ച നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ള ഘടകങ്ങൾ മാത്രമാണ് തീറ്റയിൽ അടങ്ങുന്നതെന്ന് വ്യക്തമാക്കുന്ന ലേബൽ മത്സ്യത്തീറ്റയുടെ പാക്കിംഗ് ലേബലായിരിക്കേണ്ടതാണ്.

(2) ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ മാനദണ്ഡങ്ങൾ പ്രകാരമോ സർക്കാർ റെഗുലേഷൻ പ്രകാരമോ നിശ്ചിത രീതിയിൽ പാക്കിംഗും ലേബലിംഗും ചെയ്തല്ലാതെ യാതൊരു മത്സ്യത്തീറ്റയും വിൽക്കുവാനോ വിതരണം ചെയ്യുവാനോ പാടില്ലാത്തതാണ്.

7. <u>മായം കലർന്ന മത്സ്യത്തീറ്റയ്ക്കുള്ള നിരോധനം.</u>—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കോ ആക്റ്റിൻകീഴിൽ നിർമ്മിച്ച ചട്ടങ്ങൾക്കോ റെഗുലേഷനുകൾക്കോ വിരുദ്ധമായി മത്സ്യത്തീറ്റയിൽ മായം കലർത്തുകയോ അതിന് പ്രേരണ നൽകുകയോ അപ്രകാരം ഗുണനിലവാരമില്ലാത്ത മത്സ്യത്തീറ്റ നിർമ്മിക്കുവാനോ വിതരണം ചെയ്യുവാനോ വിൽക്കുവാനോ പാടില്ലാത്തതാകുന്നു.

8. <u>അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർ.</u>—(1) ഈ ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ഇനിപ്പറയുന്ന ഉദ്യോഗസ്ഥരെ സർക്കാർ അധികാരപ്പെടുത്തേണ്ടതാണ്, അതായത്:—

(i) മത്സ്യത്തീറ്റയുടെ നിർമ്മാണം, വിതരണം, വിൽപ്പന എന്നിവയ്ക്കായുള്ള ലൈസൻസിംഗ് അതോറിറ്റിയായി മത്സ്യബന്ധന വകുപ്പിലെ അഡീഷണൽ ഡയറക്ടർ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ;

(ii) ജില്ലയിലെ ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറായി മത്സ്യബന്ധന വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ പദവിയിൽ കുറയാത്ത ജില്ലാതല ഉദ്യോഗസ്ഥൻ;

(iii) ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറായി തദ്ദേശീയ തലത്തിൽ ചുമതലയുള്ള അസിസ്റ്റന്റ് ഡയറക്ടർ അല്ലെങ്കിൽ ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉദ്യോഗസ്ഥരെ സർക്കാർ, ഔദ്യോഗിക വിജ്ഞാപനം വഴി നിയോഗിക്കേണ്ടതാണ്.

9. <u>ലൈസൻസ് റദ്ദാക്കൽ.</u>—ലൈസൻസ് ലഭിക്കുന്നതിനോ പുതുക്കി നൽകുന്നതിനോ നൽകിയിട്ടുള്ള അപേക്ഷയിൽ തെറ്റായതോ അല്ലെങ്കിൽ വസ്തുതാപരമായ തെറ്റുള്ളതോ ആയ പ്രസ്താവന നടത്തിയിട്ടുണ്ടെന്നോ അല്ലെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനം നടത്തിയിട്ടുണ്ടെന്നോ ലൈസൻസിംഗ് അതോറിറ്റി കണ്ടെത്തുന്ന പക്ഷം അതിന്മേൽ ഉചിതമെന്ന് കരുതുന്ന അത്തരം അന്വേഷണം നടത്തിയതിനുശേഷം ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ ഈ ആക്റ്റിലെ 13-ാം വകുപ്പ് പ്രകാരം പിഴ ചുമത്തുന്നതിനോ ഉള്ള അധികാരം ലൈസൻസിംഗ് അതോറിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ ലൈസൻസിക്കോ അയാൾ അധികാരപ്പെടുത്തിയ ആൾക്കോ പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ ലൈസൻസ് റദ്ദാക്കിക്കൊണ്ടുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടില്ലാത്തതാകുന്നു.

10. <u>ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ നിർദ്ദേശം നൽകണമെന്ന്.</u>— (1) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റെഗുലേഷനുകളിലേയോ വ്യവസ്ഥകളുടെ ഗുരുതര ലംഘനം ഉണ്ടായതായി ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ റിപ്പോർട്ട് ചെയ്യുന്ന സംഗതിയിൽ മത്സ്യത്തീറ്റയുടെ തയ്യാറാക്കൽ അല്ലെങ്കിൽ നിർമ്മാണം, പാക്കിംഗ്, സംഭരണം, വിൽപ്പന എന്നിവയ്ക്കായി ലൈസൻസി ഉപയോഗിക്കുന്ന ഏതെങ്കിലും വാഹനമോ പരിസരമോ അതിന്റെ ഭാഗമോ നിർണ്ണയിക്കാവുന്ന പ്രകാരം മുദ്ര വയ്ക്കുന്നതിനോ അവ പിടിച്ചെടുക്കുന്നതിനോ ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പരിശോധനയ്ക്കായി ശേഖരിച്ച മത്സ്യത്തീറ്റയുടെ സാമ്പിളുകൾ നിർണ്ണയിക്കാവുന്ന പ്രകാരം സൂക്ഷിക്കുന്നതിന്റെ ചുമതല ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർക്ക് ആയിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം പിടിച്ചെടുത്ത സാമ്പിളുകളുടെ പരിശോധന, ഈ ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനം എന്നിങ്ങനെയുള്ള കാര്യങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ ലൈസൻസിംഗ് അതോറിറ്റിക്ക് ആവശ്യമായ ശിപാർശ നൽകേണ്ടതാണ്.

11. <u>ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറുടെ ചുമതലകൾ.</u>— ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ ഇനിപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(1) മത്സ്യത്തീറ്റയുടെ നിർമ്മാണം, പാക്കിംഗ്, സംഭരണം, വിൽപ്പന എന്നിവയ്ക്കായി ഉപയോഗിക്കുന്ന ഏതൊരു പരിസരവും അല്ലെങ്കിൽ തീറ്റ പരിവഹനം ചെയ്യുന്നതിനായി ഉപയോഗിക്കുന്ന വാഹനവും പരിശോധിക്കുകയും അവിടങ്ങളിൽനിന്നും നിർണ്ണയിക്കാവുന്ന പ്രകാരം സാമ്പിളുകൾ ശേഖരിക്കുകയും ചെയ്യുക;

(2) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റെഗുലേഷനുകളിലേയോ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ചശേഷം (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പരിസരമോ അതിന്റെ ഭാഗമോ അല്ലെങ്കിൽ വാഹനമോ നിർണ്ണയിക്കാവുന്ന പ്രകാരം മുദ്ര വയ്ക്കുകയോ പിടിച്ചെടുക്കുകയോ ചെയ്യുക;

(3) മത്സ്യത്തീറ്റയുടെ ഗുണനിലവാരത്തെക്കുറിച്ച് പരാതി ലഭിക്കുന്നപക്ഷം കഴിയുന്നതുംവേഗം നിർണ്ണയിക്കപ്പെട്ട നടപടിക്രമം പാലിച്ചുകൊണ്ട് മത്സ്യത്തീറ്റയുടെ അതേ സാമ്പിളുകൾ ശേഖരിക്കുക;

(4) (3)-ാം ഉപവകുപ്പ് പ്രകാരം ശേഖരിക്കപ്പെട്ട സാമ്പിളുകൾ അംഗീകൃത ലബോറട്ടറികളിൽ പരിശോധിപ്പിക്കുക;

(5) ശേഖരിക്കപ്പെട്ട ഏതെങ്കിലും സാമ്പിളുകളുടെ പരിശോധനയിൽ അവയ്ക്കുണ്ടായിരിക്കേണ്ട ഗുണനിലവാരം ഇല്ലെന്നോ മായം കലർന്നിട്ടുണ്ടെന്നുള്ളതോ അല്ലെങ്കിൽ ഈ ചട്ടങ്ങളുടെയോ റെഗുലേഷനുകളുടേയോ ലംഘനം മത്സ്യത്തീറ്റയുടെ നിർമ്മാണം, പാക്കിംഗ്, സംഭരണം, വിൽപ്പന എന്നിങ്ങനെയുള്ള ഏതെങ്കിലും ഘട്ടത്തിൽ നടന്നിട്ടുള്ളതായോ ബോധ്യപ്പെടുന്നപക്ഷം അതുസംബന്ധിച്ച് കഴിയുന്നതുംവേഗം റിപ്പോർട്ട് തയ്യാറാക്കി തുടർനടപടിക്കായി ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർക്ക് സമർപ്പിക്കുക;

(6) ആറ് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ തന്റെ അധികാര പരിധിയിലുള്ള പ്രദേശത്തെ മത്സ്യത്തീറ്റ നിർമ്മാണം, പാക്കിംഗ്, സംഭരണം, വിതരണം, വിൽപ്പന, പരിവഹനം എന്നീ കാര്യങ്ങളിൽ പരിശോധന നടത്തുക.

12. പ്രാഥമിക പരിശോധനാ ലബോറട്ടറിയും റഫറൽ ലബോറട്ടറിയും.—ഈ ആക്റ്റിലെ 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ശേഖരിച്ച സാമ്പിളുകളുടെ പരിശോധനയ്ക്കായി, കേന്ദ്ര/സംസ്ഥാന സർക്കാർ അല്ലെങ്കിൽ നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബറേഷൻ ലബോറട്ടറീസിന്റെയും സർക്കാരിന്റെയും അംഗീകാരമുള്ളതുമായ ഏതൊരു ലബോറട്ടറിയേയും ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി പ്രാഥമിക പരിശോധനാ ലബോറട്ടറിയായും റഫറൽ ലബോറട്ടറിയായും പ്രഖ്യാപിക്കാവുന്നതാണ്.

13. പിഴ ഒടുക്കൽ.—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റെഗുലേഷനുകളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതായി ലൈസൻസിംഗ് അതോറിറ്റിക്ക് ബോധ്യപ്പെടുന്നപക്ഷം നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള പിഴ ഈടാക്കുന്നതിന് ഉത്തരവ് നൽകാവുന്നതാണ്.

14. അപ്പീൽ.—(1) ഈ ആക്റ്റിലെ 13-ാം വകുപ്പ് പ്രകാരമുള്ള പിഴ ചുമത്തപ്പെട്ടതിൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ച് അറുപത് ദിവസങ്ങൾക്കുള്ളിൽ മത്സ്യത്തീറ്റ ഗുണനിലവാര നിയന്ത്രണ സമിതി മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീൽ അപേക്ഷയിന്മേൽ പരാതിക്കാരന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയതിന് ശേഷം അപ്പീൽ സമർപ്പിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം അപ്പീലിന്മേൽ തീർപ്പ് കല്പിക്കേണ്ടതാണ്.

15. മത്സ്യത്തീറ്റ ഗുണനിലവാര നിയന്ത്രണ സമിതി.—(1) സർക്കാർ ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി മത്സ്യത്തീറ്റ ഗുണനിലവാര നിയന്ത്രണ സമിതി എന്ന പേരിൽ ഒരു സമിതി രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങളെ നിയോഗിക്കേണ്ടതാണ്, അതായത്:—

(i) മത്സ്യബന്ധന വകുപ്പ് സെക്രട്ടറി - ചെയർപേഴ്സൺ, എക്സ്-ഒഫീഷ്യോ;

(ii) മത്സ്യബന്ധന വകുപ്പ് ഡയറക്ടർ - കൺവീനർ, എക്സ്-ഒഫീഷ്യോ;

(iii) അക്വാകൾച്ചർ വകുപ്പ് മേധാവി, കേരള ഫിഷറീസ് & ഓഷ്യൻ സയൻസസ് യൂണിവേഴ്സിറ്റി - എക്സ്-ഒഫീഷ്യോ അംഗം;

(iv) കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലെ പ്രതിനിധി - എക്സ്-ഒഫീഷ്യോ അംഗം;

(v) മത്സ്യത്തീറ്റ നിർമ്മാണരംഗത്തുനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പ്രതിനിധികൾ - അംഗം;

(vi) അക്വാകൾച്ചർ മേഖലയിൽ പ്രവർത്തിക്കുന്ന ഉത്തര-മധ്യ-ദക്ഷിണ മേഖലകളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പ്രതിനിധികൾ വീതം - അംഗം;

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സമിതിയിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട എക്സ്-ഒഫീഷ്യോ ഒഴികെയുള്ള അംഗങ്ങൾക്ക് അർഹമായ ബത്തകൾ, സിറ്റിംഗ് ഫീസ് എന്നിവ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

16. മത്സ്യത്തീറ്റ ഗുണനിലവാര നിയന്ത്രണ സമിതിയുടെ ചുമതലകൾ.—15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള മത്സ്യത്തീറ്റ ഗുണനിലവാര നിയന്ത്രണ സമിതിക്ക് താഴെപ്പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(1) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും റെഗുലേഷനുകളിലേയും വ്യവസ്ഥകൾ സംബന്ധിച്ച കാര്യങ്ങളിൽ വിദഗ്ധാഭിപ്രായം നൽകുക.

(2) മത്സ്യത്തീറ്റ നിർമ്മാണ മേഖലയിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന പരിഷ്കാരങ്ങൾക്ക് അനുസൃതമായി തീറ്റയുടെ ഗുണനിലവാര മാനദണ്ഡങ്ങൾ വ്യത്യാസപ്പെടുത്തുന്നതിന് സർക്കാരിന് നിർദേശം സമർപ്പിക്കുക.

(3) മത്സ്യത്തീറ്റയിൽ ഉപയോഗിക്കാവുന്നതോ ഉപയോഗിക്കാൻ പാടില്ലാത്തതോ ആയ ഘടകങ്ങൾ സംബന്ധിച്ച് സർക്കാരിന് ശിപാർശ നൽകുക.

(4) കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചുനൽകുന്ന മറ്റ് ചുമതലകൾ.

17. വ്യക്തിഗത മത്സ്യത്തീറ്റ നിർമ്മാതാക്കളെ ഒഴിവാക്കൽ.—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലേയോ റെഗുലേഷനുകളിലേയോ വ്യവസ്ഥകൾ യാതൊന്നുംതന്നെ ഇനിപ്പറയുന്ന മത്സ്യത്തീറ്റ നിർമ്മാതാക്കൾക്ക് ബാധകമാകുന്നതല്ല, അതായത്:—

(എ) വ്യക്തിഗത ആവശ്യത്തിനായി മത്സ്യം വളർത്തുന്നവർ;

(ബി) ഗവേഷണോദ്ദേശ്യത്തിനായി മത്സ്യത്തീറ്റ തയ്യാറാക്കുന്ന ഗവേഷണ സ്ഥാപനങ്ങൾ;

(സി) സർക്കാർ മേഖലയിലെ മത്സ്യ ഫാമുകൾ.

18. രേഖകൾ സൂക്ഷിക്കൽ.—മത്സ്യത്തീറ്റ നിർമ്മാണവുമായി ബന്ധപ്പെട്ട ഏതൊരു ലൈസൻസിയും അയാൾ സംഭരിച്ച അസംസ്കൃത വസ്തുക്കൾ, നിർമ്മിച്ചതും വാങ്ങുകയും വിൽക്കുകയും ചെയ്ത മത്സ്യത്തീറ്റയുടെ അളവ് എന്നിവ ഉൾപ്പെടെയുള്ള രേഖകൾ നിർണ്ണയിക്കപ്പെട്ട പ്രകാരം സൂക്ഷിക്കേണ്ടതാണ്.

19. റിട്ടേണുകൾ സമർപ്പിക്കൽ.—മത്സ്യത്തീറ്റ നിർമ്മിക്കുന്നതിനോ വിൽക്കുന്നതിനോ ഉള്ള ലൈസൻസ് ലഭിച്ചിട്ടുള്ള ഏതൊരു വ്യക്തിയും അയാൾ നിർമ്മിച്ചതും തയ്യാറാക്കിയതും വിറ്റതും വിതരണം ചെയ്തതുമായി ബന്ധപ്പെട്ട വിവരങ്ങളടങ്ങിയ നിർണ്ണയിക്കപ്പെട്ട മാതൃകയിലുള്ള റിട്ടേണിന്റെ രണ്ട് പകർപ്പുകൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ തയ്യാറാക്കി അതത് സാമ്പത്തിക വർഷം അവസാനിച്ച് മൂന്ന് മാസത്തിനകം ലൈസൻസിംഗ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

20. ലൈസൻസ് നൽകിയതിന്റെ വാർഷിക റിപ്പോർട്ട്.—(1) സംസ്ഥാനത്ത് പ്രവർത്തിക്കുന്നതോ പ്രവർത്തനം തുടങ്ങുന്നതോ ആയ മത്സ്യത്തീറ്റ നിർമ്മാണമോ വിതരണമോ വില്പനയോ എന്നിവയുമായി ബന്ധപ്പെട്ട് ലൈസൻസ് പുതുതായി നൽകുന്നതോ പുതുക്കുന്നതോ സംബന്ധിച്ചുള്ളതും അതുമായി ബന്ധപ്പെട്ടതുമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ഒരു വാർഷിക റിപ്പോർട്ട് നിർണ്ണയിക്കപ്പെടുന്ന അത്തരം ഫോറത്തിലും സമയത്തും ലൈസൻസിംഗ് അതോറിറ്റി തയ്യാറാക്കി സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് സർക്കാരിന് ലഭിച്ചാൽ കഴിവതും വേഗം അങ്ങനെയുള്ള റിപ്പോർട്ട് കേരള നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

21. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം.—ലൈസൻസിംഗ് അതോറിറ്റി, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ എന്നിവർ ഈ ആക്റ്റിൻ കീഴിൽ ഉത്തമവിശ്വാസത്തിൽ എടുത്ത ഏതൊരു നടപടിക്കും പ്രവൃത്തിക്കും എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

22. അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കൽ.—സർക്കാരിന്, ഈ ആക്റ്റിൻ കീഴിലുള്ള എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ ഗസറ്റിൽ വിജ്ഞാപനം ചെയ്യപ്പെടുന്ന ഉത്തരവ് മുഖേന അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

23. പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.—ഈ ആക്റ്റ് പ്രകാരമുള്ള മത്സ്യത്തീറ്റ ഗുണനിലവാര നിയന്ത്രണ സമിതി അംഗങ്ങളും ലൈസൻസിംഗ് അതോറിറ്റിയും ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറും ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറും അവർ ചുമതലപ്പെടുത്തിയത് അനുസരിച്ച് പ്രവർത്തിക്കുന്ന ഏതൊരാളും ഈ ആക്റ്റിലെയും അതിൻകീഴിലുള്ള ചട്ടങ്ങളിലെയും റെഗുലേഷനുകളിലേയും വ്യവസ്ഥകൾ പ്രകാരം പ്രവർത്തിക്കുമ്പോഴോ പ്രവർത്തിക്കുന്നതായി കരുതപ്പെടുമ്പോഴോ 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെയോ 2023-ലെ ഭാരതീയ ന്യായ സംഹിതയുടെ (2023-ലെ 45-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പ് 28-ാം ഉപവകുപ്പിന്റെയോ അർത്ഥ വ്യാപ്തിയിൽ വരുന്ന പബ്ലിക് സർവന്റുമാരായി കണക്കാക്കപ്പെടുന്നതാണ്.

24. പോലീസ് ഉദ്യോഗസ്ഥരുടെ കർത്തവ്യം.—ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളുടെ നിയമപരമായ വിനിയോഗത്തിനുവേണ്ടി സഹായം ആവശ്യപ്പെടുമ്പോൾ സംസ്ഥാന പോലീസ് സേനയുടെ ഏതൊരു പോലീസ് ഉദ്യോഗസ്ഥന്റെയും സേവനം ലഭ്യമാക്കേണ്ടതാണ്.

25. ആക്റ്റിന് അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, അവയ്ക്ക് തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തു തന്നെ അടങ്ങിയിരുന്നാലും അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

26. <u>ചട്ടങ്ങളും റെഗുലേഷനുകളും ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങളും റെഗുലേഷനുകളും ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, റെഗുലേഷനും അത് ഉണ്ടാക്കിയതിന് ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിലോ റെഗുലേഷനിലോ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടമോ റെഗുലേഷനോ ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിനോ റെഗുലേഷനോ അതിനുശേഷം, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടമോ റെഗുലേഷനോ പ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

27. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, അത്തരം വൈഷമ്യം നീക്കം ചെയ്യുന്നതിലേയ്ക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും, അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത തുമായ ഏതൊരു കാര്യവും, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് മുഖേന ചെയ്യാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതലുള്ള രണ്ട് വർഷക്കാലാവധി അവസാനിച്ചതിനുശേഷം ഉണ്ടാക്കുവാൻ പാടില്ലാത്തതാണ്.

(2) ഈ വകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച എല്ലാ ഉത്തരവും അത് ഉണ്ടാക്കിയ തിനുശേഷം കഴിയുന്നത്രവേഗം കേരള നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും പോഷക സമൃദ്ധമായ ഭക്ഷണം ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് ഉൾനാടൻ മത്സ്യക്കൃഷി, ജലക്കൃഷി എന്നിവയ്ക്ക് സർക്കാർ വലിയ പ്രോത്സാഹനം നൽകിവരുന്നു. 'സുഭിക്ഷ കേരളം' പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് സംസ്ഥാനത്ത് ജനകീയ മത്സ്യക്കൃഷി നടപ്പാക്കിയിട്ടുണ്ട്.

2. 2023-ലെ സാമ്പത്തിക അവലോകനം പ്രകാരം ഉൾനാടൻ ജലക്കൃഷി വികസനത്തിന്റെ ഭാഗമായി 6490 ഹെക്ടറിൽ ശാസ്ത്രീയ മത്സ്യക്കൃഷിയും 2645 ഹെക്ടറിൽ

ചെമ്മീൻ കൃഷിയും 23009 ഹെക്ടറിൽ ഒരു നെല്ല് ഒരു മത്സ്യക്കൃഷിയും 3739 കക്ക വളർത്തൽ യൂണിറ്റും നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ഉൾനാടൻ മത്സ്യബന്ധനം 2022-23 വർഷം 38172 മെട്രിക് ടണ്ണായിരുന്നു.

3. മേൽപ്രസ്താവിച്ചവ കൂടാതെ അലങ്കാര മത്സ്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് “കാവിൽ” എന്ന സർക്കാർ സ്ഥാപനം മുഖേന അലങ്കാര മത്സ്യക്കൃഷിയുമായി ബന്ധപ്പെട്ട് ചെറുകിട, ഇടത്തരം, വൻകിട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും ആഭ്യന്തരവും അന്തർദ്ദേശീയവുമായ വിപണി ലഭ്യമാകത്തക്ക നിലവാരം കൈവരിക്കുന്നതിന് ആവശ്യമായ സഹായം നൽകിവരികയും ചെയ്യുന്നു.

4. 2022 മാർച്ചിൽ പ്രസിദ്ധീകരിച്ച സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ 14-ാം പഞ്ചവത്സര പദ്ധതി (2022-2027) തയ്യാറാക്കുന്നതിന്റെ ഭാഗമായി ഉൾനാടൻ മത്സ്യക്കൃഷിയെ സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടിൽ 58000 ടൺ മത്സ്യത്തീറ്റ സംസ്ഥാനത്തിന് വാർഷികമായി ആവശ്യമായി വരുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഇത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ടതായിട്ടുണ്ടെന്നും ആയതിനാൽ മത്സ്യത്തീറ്റ മില്ലുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായും റിപ്പോർട്ടിൽ പറയുന്നു.

5. മത്സ്യക്കൃഷിയിൽ ഏറ്റവും ചെലവ് വരുന്നത് അതിന്റെ തീറ്റയ്ക്കാണ്. ഇത് പ്രവർത്തന ചെലവിന്റെ 60 ശതമാനം എന്ന് കണക്കാക്കുന്നു. മത്സ്യത്തീറ്റ നിർമ്മാതാക്കൾ പലപ്പോഴും തീറ്റയിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങൾ എന്താണെന്ന് വ്യക്തമാക്കുന്നില്ല. ചെലവ് കുറയ്ക്കുന്നതിന് തീറ്റയുടെ ചേരുവകളിൽ വ്യത്യാസം വരുത്തുവാൻ തീറ്റ നിർമ്മാതാക്കൾ പ്രേരിതരാകുന്നു. അതോടൊപ്പം മത്സ്യത്തീറ്റയിൽ ആന്റി ബയോട്ടിക്കുകളോ, ഫാർമക്കോളജി പ്രകാരം ക്ഷമതയുള്ള വസ്തുക്കളോ ഉൾപ്പെടുത്തുന്നത് മത്സ്യത്തിനും അത് ഉപയോഗിക്കുന്ന മനുഷ്യർക്കും ഒരുപോലെ ദോഷകരമാകുന്നതാണ്. കൂടാതെ മത്സ്യത്തീറ്റയുമായി ബന്ധപ്പെട്ട ഗവേഷണ പഠനങ്ങൾ മത്സ്യത്തീറ്റകളിൽ മൈക്രോ പ്ലാസ്റ്റിക് അംശങ്ങൾ ചേരുന്നതായും നിക്കൽ, ലെഡ്, കോബാൾട്ട് പോലെ സാന്ദ്രത കൂടിയ ലോഹങ്ങൾ അടങ്ങുന്നതായും കണ്ടെത്തിയിട്ടുണ്ട്.

6. മേൽപ്രസ്താവിച്ച പ്രകാരമുള്ള ദോഷകരമായ ഘടകങ്ങൾ ഒഴിവാക്കി സംസ്ഥാനത്ത് നിർമ്മിക്കുന്നതോ സംസ്ഥാനത്തിന് പുറത്തുനിന്ന് ലഭിക്കുന്നതോ ആയ മത്സ്യത്തീറ്റ ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിന് നിയമ പിൻബലം ആവശ്യമായി വരുന്നു. സംസ്ഥാനത്ത് കന്നുകാലികൾക്കും, കോഴിവർഗ്ഗത്തിനുമുള്ള തീറ്റകൾ നിർമ്മിക്കുന്നതിലും വിതരണം ചെയ്യുന്നതിലും വില്പന നടത്തുന്നതിലും ശക്തമായ നിയമം കേരള നിയമസഭ പാസ്സാക്കി നടപ്പിലാക്കിയിട്ടുണ്ട്. ഉൾനാടൻ മത്സ്യക്കൃഷിക്ക് പ്രത്യേക ഊന്നൽ നൽകുന്ന സാഹചര്യത്തിൽ മത്സ്യത്തിന്റെയും അവയെ ആഹാരമായി ഉപയോഗിക്കുന്ന മനുഷ്യന്റെയും ആരോഗ്യത്തിനും പ്രകൃതിയുടെ സംരക്ഷണത്തിനും

നിലവിൽ വൻതോതിൽ ഉപയോഗിക്കപ്പെടുന്ന മത്സ്യത്തീറ്റ ശരിയായ ഗുണനിലവാരമുള്ള താണെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇക്കാര്യത്തിലുള്ള നിയമ അഭാവം നികത്തുന്നത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ 4, 5 ഖണ്ഡങ്ങളിൽ ലൈസൻസ് നൽകുന്നതുമായും ലൈസൻസ് പുതുക്കുന്നതുമായും ബന്ധപ്പെട്ട് റവന്യൂ വരവ് ഉണ്ടാകുന്നതാണ്. മത്സ്യബന്ധന വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം ലഭിക്കുന്നതിനാലും ലാബുൾപ്പെടെ നിലവിലുള്ള സംവിധാനം ഉപയോഗിക്കുന്നതിനാലും ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ചെലവുകൾ കുറയുവാൻ ഇടയാകുന്നതാണ്. എന്നിരുന്നാലും 15-ാം ഖണ്ഡം പ്രകാരമുള്ള സമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടും സാമ്പിളുകളുടെ ശേഖരണം, സൂക്ഷിപ്പ് തുടങ്ങിയ വ്യവസ്ഥകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടും ആവർത്തക സ്വഭാവത്തോടെയുള്ള ചെലവുകൾ ഉണ്ടാകുന്നതാണ്. നിയമം നടപ്പിൽ വന്നശേഷമേ കൃത്യമായി ചെലവുകൾ കണക്കാക്കുന്നതിന് സാധിക്കുകയുള്ളൂ എങ്കിലും പ്രരംഭ ചെലവുകൾക്ക് അഞ്ച് ലക്ഷം രൂപ പ്രതീക്ഷിക്കാവുന്നതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിലെ 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ലൈസൻസിനുള്ള ഫാറം, ഫീസ് എന്നിവ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) ബില്ലിലെ 5-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ലൈസൻസ് പുതുക്കുന്നതിനുള്ള ഫീസ്, ഫാറം എന്നിവ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(3) ബില്ലിലെ 6-ാം ഖണ്ഡം പാക്കിംഗ്, ലേബലിംഗ് എന്നിവയുടെ രീതി നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ബില്ലിലെ 8-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരം വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(5) ബില്ലിലെ 10-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം വ്യവസ്ഥകളുടെ ലംഘനം റിപ്പോർട്ട് ചെയ്യുന്നതിൽ മത്സ്യത്തീറ്റ നിർമ്മാണം, പാക്കിംഗ്, സംഭരണം, വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട് വാഹനം, പരിസരം എന്നിവ മുദ്രവയ്ക്കൽ, പിടിച്ചെടുക്കൽ തുടങ്ങിയവയുടെ നടപടിക്രമം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(6) ബില്ലിലെ 10-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം ശേഖരിച്ച സാമ്പിളുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(7) ബില്ലിലെ 12-ാം ഖണ്ഡം മത്സ്യത്തീറ്റ സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള അംഗീകൃത പ്രാഥമിക പരിശോധന ലബോറട്ടറി, റഫറൽ ലബോറട്ടറി എന്നിവ ഗസറ്റ് വിജ്ഞാപനത്തിലൂടെ പ്രസിദ്ധീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(8) ബില്ലിലെ 15-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം മത്സ്യത്തീറ്റ ഗുണനിലവാര നിയന്ത്രണ സമിതി ഗസറ്റ് വിജ്ഞാപനം വഴി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(9) ബില്ലിലെ 15-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗങ്ങൾക്കുള്ള ബത്ത, സിറ്റിംഗ് ഫീസ് എന്നിവ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(10) ബില്ലിലെ 18-ാം ഖണ്ഡം ലൈസൻസി സൂക്ഷിക്കേണ്ട രേഖകൾ സംബന്ധിച്ച് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(11) ബില്ലിലെ 19-ാം ഖണ്ഡം ലൈസൻസി സമർപ്പിക്കേണ്ട റിട്ടേണിന്റെ മാതൃക നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(12) ബില്ലിലെ 20-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ലൈസൻസിംഗ് അതോറിറ്റി തയ്യാറാക്കേണ്ട വാർഷിക റിപ്പോർട്ടിന്റെ ഫാറവും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കേണ്ട സമയവും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(13) ബില്ലിലെ 22-ാം ഖണ്ഡം ആക്റ്റിൻകീഴിൽ ഉദ്യോഗസ്ഥർക്ക് ഏൽപ്പിച്ചുകൊടുക്കുന്ന അധികാരങ്ങൾ വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(14) ബില്ലിലെ 26-ാം ഖണ്ഡം ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി ചട്ടങ്ങളും റെഗുലേഷനുകളും ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(15) ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം ആയത് നീക്കുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ തോന്നുന്നതും ബില്ലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ബില്ലിലെ 27-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(16) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളും ഉത്തരവുകളും പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമങ്ങൾ സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, ചട്ടങ്ങളും ഉത്തരവുകളും അവ ഉണ്ടാക്കിയശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. എൻ. ജയരാജ്.